# Syro Malabar Cultural Association, Kuwait

I.E. Reg: INDEMB/KWT/ASSN/121

Date: 29th May, 2016
Ref. No. SMCA/LTR/01/2016-17

പ്രിയ SMCA കുടുംബാംഗങ്ങളെ,

കുവൈറ്റിൽ താമസമാക്കിയിട്ടുള്ള സീറോ മലബാർ കുടുംബാംഗങ്ങളുടെ കൂട്ടായ്മയായ SMCAയുടെ 22–ാം പ്രവർത്തന വർഷത്തിലേക്ക് (2016-17) കടന്നിരിക്കുന്ന ഈയവസരത്തിൽ മുൻകാലങ്ങളിൽ സംഘടനയെ നയിച്ചവരേയും അവർക്ക് എല്ലാവിധ പിൻതുണ നൽകിയവരെയും ഹൃദയം നിറഞ്ഞ നന്ദിയോടെ സ്മരിക്കുകയും നിങ്ങളേവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടും ഈ പുതിയ പ്രവർത്തനവർഷത്തിനു തുടക്കം കുറിക്കട്ടെ.

22–ാമത് കേന്ദ്ര ഭരണസമിതി അംഗങ്ങളുടെയും, ചീഫ് ഇലക്ഷൻ കമ്മീഷണർ, കേന്ദ്ര ഓഡിറ്റർ എന്നിവരുടെയും പേരുവിവരം ഇതോടൊപ്പം ഉൾപ്പെടുത്തുകയാണ്. കുവൈറ്റിലെ സീറോ മലബാർ അംഗങ്ങൾക്കുവേണ്ടിയും, സഭയുടെയും സമൂഹത്തിന്റെയും നൻമക്കായി ഞങ്ങളുടെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുകയാണ്. ഞങ്ങളെ ഈ ചുമതലയേൽപ്പിച്ച സംഘടനയിലെ എല്ലാ അംഗങ്ങളേയും ഈയവസരത്തിൽ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

SMCA യുടെ പുതുക്കിയ ഭരണഘടന നിലവിൽ വന്നതിന് ശേഷം വരുന്ന ആദ്യത്തെ **പൂർണ്ണ പ്രവർത്തന വർഷമാണ്** (2016-17) എന്ന് **എല്ലാവരേയും** അറിയിക്കുകയാണ്.

**<u>വിശേഷാൽ പൊതുയോഗം</u>**

പ്രവർത്തന വർഷം 2015-16ലെ 06.05.2016ൽ നടന്ന വാർഷിക പൊതുയോഗത്തിന്റെ തീരുമാനപ്രകാരം **ജൂൺ മാസം 3-)o തിയ്യതി വിശേഷാൽ പൊതുയോഗം ചേരുന്നതാണ്. നിലവിലെ സജീവാംഗങ്ങൾക്ക് ഈ പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണ്.**

**<u>ദുക്റാന ദിനാചരണം</u>**

ഈ വർഷത്തെ പൊതു പരിപാടികൾ ദുക്റാന ദിനാചരണത്തോടെ ആരംഭിക്കുകയാണ്. ജൂൺ മാസം 30–ാം തിയ്യതി നടക്കുന്ന ചടങ്ങിലേക്ക് എല്ലാവരേയും സകുടുംബം സ്വാഗതം ചെയ്യുകയും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

സ്ഥലം : Salmiya Indian Model School (SIMS)
സമയം : 5.30 pm to 9.30 pm

നമ്മുടെ മുഖ്യാതിഥി കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ പിതാവാണന്നുള്ള വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

**<u>Award for Academic Topers</u>**

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ 10, 12 എന്നീ ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്കുകൾ വാങ്ങിയ അംഗങ്ങളുടെ കുട്ടികളെ ദുക്രാനദിനാചാരണത്തിൽ ആദരിക്കുന്നതാണ് (CGPA 9.6 and above for class X and 90% and above for class XII).

**<u>അനുശോചനം</u>**

അബ്ബാസിയ ഏരിയായിലെ സജീവാംഗമായ ശ്രീ വർഗീസ് വർക്കി ഗോവിന്ദപുരത്തിന്റെ ഭാര്യ **ശ്രീമതി** മോൻസി ആന്റണിയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും SMCA യുടെ പേരിലുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**<u>ഭാവി പരിപാടികൾ</u>**

മാതൃസഭയോടും **കുവൈറ്റിലെ** സഭാ സംവിധാനങ്ങളോടും ചേർന്ന് നിന്നുകൊണ്ട് സഭാ മക്കളുടെ ഉന്നമനത്തിനായി ആത്മീയവും, സാമൂഹികവും, സാംസ്കാരികവുമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതും അവ അംഗങ്ങളെ അറിയിക്കുന്നതുമായിരിക്കും. ഈ വർഷത്തെ **മാലാഖക്കൂട്ടം** സെപ്റ്റംബർ മാസം നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുകയാണ്. വിശദവിവരങ്ങൾ യഥാസമയം അറിയിക്കുന്നതാണ്.

പ്രാർത്ഥനയിലും സ്നേഹത്തിലും ഐക്യത്തിലും വളരുന്ന ഒരു സമൂഹമായി ഏകമനസോടെ ഒത്തൊരുമിച്ച് മറ്റുള്ളവർക്ക് നല്ല മാതൃകയായി പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കട്ടെ. അതിനുള്ള ദൈവാനുഗ്രഹം യാചിച്ചുകൊണ്ടും നിങ്ങളുടെ നിർലോഭമായ സഹായസഹകരണങ്ങൾ തുടർന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും

**<u>22–ാമത് ഭരണസമിതിക്കുവേണ്ടി</u>**

**ഡെന്നി തോമസ് കാഞ്ഞൂപ്പറമ്പിൽ**
ജനറൽ സെക്രട്ടറി.